# ഉള്ളടക്കം


| ക്രമ നമ്പർ | | പേജ് നമ്പർ |
|---|---|---|
| 1. | ആമുഖം | 1 |
| 2. | ലക്ഷ്യങ്ങൾ | 2 |
| 3. | അധ്യാപകരുടെ പേര് വിവരം | 3 |
| 4. | മലയാളം | 4-6 |
| 5. | ഇംഗ്ലീഷ് | 7-8 |
| 6. | ഹിന്ദി | 9 |
| 7. | അടിസ്ഥാന ശാസ്ത്രം | 10-12 |
| 8. | ഗണിതം | 13-14 |
| 9. | സാമൂഹ്യ ശാസ്ത്രം | 15-17 |
| 10. | അറബിക് | 18-19 |
| 11. | സംസ്കൃതം | 20 |

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ ക്രിയാത്മകമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും, ധാരണകളും, മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുകയെന്നത് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യമാണ്. വികസനോന്മുഖമായ സമൂഹനിർമിതിക്ക് ഉതകുന്ന വിധം വിദ്യാഭ്യാസ പ്രക്രിയ രൂപകല്പന ചെയ്യേണ്ടതുണ്ട്. ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഏറ്റവും അടിസ്ഥാനമായി കാണേണ്ട വസ്തുതയാണ്. സംസ്ഥാനത്ത് നടപ്പിലാക്കിയ 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' വിദ്യാഭ്യാസ രംഗത്ത് അഭൂതപൂർണമായ ഉണർവ് സൃഷ്ടിച്ചു. വിദ്യാലയങ്ങൾ ഭൗതിക, അക്കാദമിക രംഗങ്ങളിൽ ഏറെ നേട്ടങ്ങൾ കൈവരിച്ചു.

അനസ്യൂതം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് കാലാനുസൃതമായ മാറ്റങ്ങളോടെ മാസ്റ്റർ പ്ലാൻ പുനർനിർമിക്കേണ്ടതുണ്ട്. ഇതിലൂടെ കേരളത്തിലെ ഓരോ വിദ്യാർത്ഥിയും അതത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ഐ.സി.ടി. യുടെ സഹായത്തോടെ പ്രയോജനപ്പെടുത്തുന്നു. ഇങ്ങനെ ആസ്വാദ്യകരമായി ലഭിക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും, മികച്ച പഠനരീതികളും സംജാതമാകുന്നു. ഇവയെല്ലാം പരിഗണിച്ചുകൊണ്ട് വിഷയാടിസ്ഥാനത്തിൽ തയാറാക്കിയ മാസ്റ്റർ പ്ലാൻ ആണിത്.

# ലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുന്നു.
* ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങൾക്കു പുറമെ കലാ, കായിക, പ്രവൃത്തി പരിചയ പഠന പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകുന്നു.
* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനങ്ങളും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
* ഓരോ അധ്യാപകരും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമിക്കുകയും, പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
* പാർശ്വവൽക്കരിക്കപ്പെട്ടതും, പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.
* വിദ്യാലയത്തിലെ പഠന വിജ്ഞാന സംവിധാനങ്ങളായ ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവ എല്ലാകുട്ടികൾക്കും ഒരു പോലെ പ്രാപ്യമാക്കുകയും, അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

വിഷയാടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയ അധ്യാപകരുടെ പേര് വിവരം.

| | | |
|---|---|---|
| മലയാളം | : | പ്രീത. എസ് |
| ഇംഗ്ലീഷ് | : | ലിനി എച്ച്. എസ്. |
| ഹിന്ദി | : | മൃദുലജ |
| അടിസ്ഥാന ശാസ്ത്രം | : | രമ്യ ചന്ദ്രൻ |
| സാമൂഹ്യ ശാസ്ത്രം | : | ജയകുമാരി |
| ഗണിതം | : | ജയലക്ഷ്മി ദേവി. എ |
| സംസ്കൃതം | : | ദേവി പ്രിയ |
| അറബിക് | : | നെഹുമത്ത്. |

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്തുവാനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം :** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു.<br>**ഭാഷാ കേളി :** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷര ശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു.<br>**വാക്കുകളിൽ നിന്നും വാക്യത്തിലേക്ക് :** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | വാർത്താലോകത്തേക്ക്: പത്രം, ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു.<br>വാർത്താവായന: വാർത്തകൾ തയ്യാറാക്കി കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് സ്കൂൾ അസംബ്ലിയിൽ അവസരം നൽകുന്നു.<br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ ലൈബ്രറി, പുസ്തകങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | ദിവസവും<br>പ്രതിമാസം | മലയാളം അധ്യാപകർ.<br>മലയാളം ക്ലബ്. | |
| സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗ | മുഖാമുഖം: സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണം സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | ഹെഡ്മിസ്ട്രസ് മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ശേഷി വളർത്തൽ<br>സർഗാത്മകശേഷി വളർത്തൽ | മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | <u>രംഗാവിഷ്കാരം</u><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക് വർഷം | മലയാളം ക്ലബ്ബ്. | |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാധ്യതകൾ / ചാൽ |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും, അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു.<br>Pre-test<br>• ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു.<br>• New words പരിചയപ്പെടൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ<br>ഇംഗ്ലീഷ് അധ്യാപകർ | |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | കുട്ടികളെ കൊണ്ട് ഡിക്ഷണറി തയ്യാറാക്കിപ്പിക്കുന്നു.<br>ക്ലാസിനെ ഗ്രൂപ്പുകളാക്കി ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്യങ്ങൾ ഒരു പ്രാവശ്യം വായിച്ചതിന് ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റ് കൂടാതെ എഴുതുന്നു.<br>കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ | ആഗസ്റ്റ്<br>സെപ്റ്റംബർ ഫെബ്രുവരി<br>ഇംഗ്ലീഷ് ക്ലബ് | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ആഹാറാക്കി ക്ലാസിൽ അവതരിപ്പിക്കുന്നു. പോസ്റ്ററുകൾ, നോട്ടീസുകൾ ക്ലാസ് റൂമിൽ പ്രദർശിപ്പിക്കുന്നു. | ദിനാചരണം | | |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | അഞ്ചാം ക്ലാസിനായി കഥ പറയൽ, അതിന് Role play. ആറാം ക്ലാസിനായി കവിത, പ്രസംഗം | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |
| | പാഠഭാഗത്തിൽ നിന്നും കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി വായിപ്പിക്കുന്നു. | ഫെബ്രുവരി | | |
| | ആശയം നൽകി കൂടാടിനയത്തിന് പ്രോത്സാഹിപ്പിക്കുന്നു. | ഒക്ടോബർ | | |
| | വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. | നവംബർ | | |
| | ഇംഗ്ലീഷ് ദിനപത്രം വായിക്കാൻ അവസരം നൽകുന്നു. | മാസം തോറും | | |
| വായനപരിശീലിപ്പിക്കുന്നു. | വായനാകാർഡുകൾ തെറ്റുകൂടാതെ വായിപ്പിക്കുന്നു. (ലളിതമായതിൽ നിന്നും സങ്കീർണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| **അക്ഷരബോധം ഉറപ്പിക്കൽ:** ഹിന്ദി അഞ്ചാം ക്ലാസിൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ലിപിയിലുള്ള അക്ഷരങ്ങളെ പരിചയപ്പെടാനുള്ള അവസരം ഒരുക്കുക. | പുതിയ പദങ്ങൾ, വാക്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, അക്ഷര രചന കാണിക്കൽ എന്നിവ ചെയ്യും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| **വായന:** തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. ഹിന്ദി ചിത്രകഥകൾ അതിന്റെ സിഡി തുടങ്ങി ഹിന്ദിയിൽ വാക്യങ്ങളുടെ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ. | |
| **സംസാരം:** ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കാൻ, നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തുക. | ഹിന്ദി മാത്രം വിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കുവാനും സംസാരിപ്പിക്കുവാനും ശ്രമിക്കും. ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധിച്ച് ശരിയായി വായിക്കണം. മത്സരവായന, തെറ്റാതെ വായിക്കുന്നവർക്ക് സമ്മാനം | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

# അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക. | പരീക്ഷണക്കളരി: നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണകിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണകുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ശേഖരം തയ്യാറാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ്. | |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | ജൈവ വൈവിധ്യ പാർക്ക്. ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ്. | |
| അപരിചിതമായ ശാസ്ത്ര പരിഭാഷകൾ | Science Dictionary ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട വാക്കുകളും | | | |

| | | | | |
|---|---|---|---|---|
| മനസിലാക്കാൻ | അവയുടെ അർത്ഥങ്ങളും വിശദീകരിക്കുന്ന റഫറൻ-സ് പുസ്തകം | അക്കാദമിക് വർഷം | ശാസ്ത്രാധ്യാപകർ സയൻസ്ക്ലബ്ബ് | |
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | <u>വിസ്മയ യാത്ര</u><br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക. | <u>Master mind :</u><br>Health club, science club ഇവയുടെ ആഭിമുഖ്യത്തിൽ വിവിധശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| | | | | |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ നിർമ്മിക്കുന്നു. | | | |
| ബഹിരാകാശത്തെക്കുറിച്ചുള്ള അറിവ് വർദ്ധിക്കുന്നു. | **Space Magazine നിർമ്മാണം**<br>ഗ്രഹങ്ങൾ, നക്ഷത്രങ്ങൾ, ബഹിരാകാശ യാത്രികർ തുടങ്ങിയവയെക്കുറിച്ചും ISRO, NASA തുടങ്ങിയ ബഹിരാകാശ ഏജൻസികളെക്കുറിച്ചും അറിയാൻ സാധിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രോത്സവങ്ങൾ സയൻസ് ക്ലബ്ബ് | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശില്പശാല<br>അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനായി രസകരവും പ്രയാസമില്ലാത്തതുമായ പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ | ഗണിത അധ്യാപകർ | |
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ. | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ, ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ജ്യാമിതീയ രൂപങ്ങൾ നിർമ്മിച്ച് പ്രദർശിപ്പിക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി. സാധ്യതകളിലൂടെ<br>ജ്യാമിതിയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം തുടങ്ങിയ പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തി കൊണ്ട് കുട്ടികളിലേക്ക് എത്തിക്കുവാൻ എളുപ്പത്തിൽ കഴിയുന്നു. | ആഗസ്റ്റിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് / ഒഴിവ് സമയങ്ങളിൽ | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും. | |
| വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | അതാതു ദിവസങ്ങൾ ജൂൺ - മാർച്ച് | ഗണിത ക്ലബ്ബ്. | |

# സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശങ്ങൾ |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന തല അറിവ് പരിശോധിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ഓരോ പഠിതാവിനും നൽകുന്നു. അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങളെ ആസ്പദമാക്കി test നടത്തുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | ICT സാധ്യത ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തത്വം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും Demo ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| സഹജീവികളോട് സദ്ഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു | | | |

| | | | | |
|---|---|---|---|---|
| | മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസ ഹസ്തമാകുന്നു. | | | |
| വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നിവയിൽ ബോധവത്കരണ ക്ലാസ്. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര ക്ലബ്<br>സാമൂഹ്യ ശാസ്ത്രം അധ്യാപകർ | |

# അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരേ പോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക | ടെസ്റ്റ് നടത്തി ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. സ്മാർട്ട് റൂമുകൾ ഉപയോഗിച്ച് ഗെയിമുകൾ, ഫ്ലാഷ് കാർഡുകൾ, അക്ഷരങ്ങൾക്ക് നിറം നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു. | ജൂൺ | അറബിക് അധ്യാപകർ | |
| അറബി ഭാഷാ ശേഷി വർധിപ്പിക്കുക. പദസമ്പത്ത് അധികരിപ്പിക്കുക. | ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്ക് പുറമെ അഞ്ച് വാക്കുകൾ, കഥ, കവിത, പുസ്തകങ്ങളിൽ നിന്നും ശേഖരിക്കാൻ സാഹചര്യമൊരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അറബിക് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കണ്ടെത്തൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നൽകുകയും ചെയ്യുന്നു. | | | |
| കുട്ടികളുടെ സർഗാത്മകശേഷി വർദ്ധിപ്പിക്കുക. | ചിത്രങ്ങൾ, ലഘുകവിതകൾ, കഥകൾ, സന്ദേശങ്ങൾ, കുറിപ്പുകൾ തുടങ്ങിയവ തയ്യാറാക്കുന്നു. | അക്കാദമിക വർഷം | അറബിക് അദ്ധ്യാപകർ | |

# സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ബാധ്യതകൾ |
|---|---|---|---|---|
| പഠനനേട്ടങ്ങൾ ഉറപ്പുവരുത്തുന്നു. എഴുത്തും വായനയും ബുദ്ധിമുട്ടുള്ളവരെ കണ്ടെത്തി പരിശീലനം നൽകുന്നു. | ക്ലാസ് തല മികവ് നിർണയത്തിനായി അക്ഷര ക്രീഡ, പദകേളി, ചിത്രപദകോശ നിർമാണം എന്നീ പ്രവർത്തനങ്ങൾ നൽകുന്നു. സംപുടം നിർമിക്കുന്നു.<br>കൈരളി - സംസ്കൃത ഭാഷകളിൽ സമാനമായി പ്രയോഗിക്കുന്ന പദങ്ങൾ കണ്ടെത്തുന്നു. ക്രിയാപദങ്ങൾ ചേർത്ത് ലഘുകവിത നിർമിക്കുന്നു. അവതരണവും സംപുട നിർമാണവും. | 1 വർഷം<br>2 മാസം | സംസ്കൃത അധ്യാപകർ | |
| ഭാഷാപരിപോഷണം | ആചാരോപചാരപദങ്ങൾ ലഘുവാക്യങ്ങൾ എന്നിവ ഉൾപ്പെടുത്തി സംഭാഷണ പരിശീലനം - അവതരണം. സംസ്കൃത അസംബ്ലി നടത്തുന്നു.<br>സുഭാഷിത ശേഖരണം, ആലാപനം, സംപുട നിർമാണം. | ഡിസംബർ മാസം | സംസ്കൃത അധ്യാപകർ | |

# മാസ്റ്റർ പ്ലാൻ

## അധിക പ്രവർത്തനങ്ങൾ

## 2025 - 26

ജൂൺ 5 - പരിസ്ഥിതി ദിനം
ജൂൺ 19 - വായന ദിനം
ജൂൺ 26 - ലഹരി വിരുദ്ധ ദിനം
ജൂലൈ 5 - ബഷീർ ദിനം
ജൂലൈ 21 - ചാന്ദ്രദിനം
ആഗസ്റ്റ് 6 - ഹിരോഷിമ ദിനം
ആഗസ്റ്റ് 9 - നാഗസാക്കി ദിനം
ആഗസ്റ്റ് 15 - സ്വാതന്ത്ര്യ ദിനം
ആഗസ്റ്റ് 17 - കർഷക ദിനം
ആഗസ്റ്റ് 19 - സംസ്കൃത ദിനം
സെപ്റ്റംബർ 5 - അധ്യാപക ദിനം
സെപ്റ്റംബർ 14 - ഹിന്ദി ദിനം
സെപ്റ്റംബർ 16 - ഓസോൺ ദിനം
ഒക്ടോബർ 2 - ഗാന്ധി ജയന്തി
നവംബർ 14 - ശിശുദിനം
ഡിസംബർ 22 - രാമാനുജൻ ദിനം
ജനുവരി 26 - റിപ്പബ്ലിക് ദിനം
ഫെബ്രുവരി 28 - ദേശീയ ശാസ്ത്ര ദിനം

ജൂൺ 5 പരിസ്ഥിതി ദിനമായി ആചരിക്കും.

പോസ്റ്റർ നിർമ്മാണം വൃക്ഷത്തൈ നടീൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് ഉള്ളത്. പരിസ്ഥിതി ദിന ക്വിസ് ഉണ്ടായിരിക്കുന്നതാണ്.

പരിസ്ഥിതി ദിനം സ്കൂളിൽ ആചരിക്കുന്നത് വഴി വിദ്യാർത്ഥികൾക്ക് പരിസ്ഥിതിയുടെ പ്രാധാന്യത്തെ കുറിച്ചും പ്രകൃതി സംരക്ഷണത്തെക്കുറിച്ചും മനസില-ക്കാൻ സാധിക്കും.

ജൂൺ 19 വായന ദിനമായി ആചരിക്കും.

നാഷണൽ ബുക്സിന്റെ പുസ്തക പ്രദർശനം, പി. എൻ. പണിക്കരുടെ ജീവചരിത്ര കുറിപ്പ് അവതരണം, പോസ്റ്റർ നിർമ്മാണം രക്ഷിതാക്കൾക്കു-ള്ള ക്വിസ് മത്സരം എന്നിവയാണ് പ്രവർത്തനങ്ങൾ. വായന ദിനം സ്കൂളിൽ ഉണ്ടായിരിക്കുന്നതാണ്.

വായന ദിനം സ്കൂളിൽ ആചരിക്കുന്നത് വഴി കുട്ടികൾ വായനയിലേക്ക് ആകർഷിക്കപ്പെടുക-യും പുസ്തകങ്ങൾ അവരുടെ സ്നേഹിതരാകുകയും ചെയ്യുന്നു.

ജൂൺ 26 ലഹരി വിരുദ്ധ ദിനമായി ആചരിക്കും.

പോസ്റ്റർ നിർമ്മാണം, സ്കിറ്റ്, ലഹരി വിരുദ്ധ ദിന ക്വിസ് എന്നിവ ഉണ്ടായിരിക്കും.

ഈ ദിനം സ്കൂളിൽ ആചരിക്കുന്നത് വഴി കുട്ടികൾക്ക് ലഹരിയുടെ തിന്മകൾ മനസിലാക്കാനും,

ഒരു മിതമായ, ആരോഗ്യകരമായ ജീവിതശൈലി പിന്തുടരാനും സഹായിക്കുന്നു.

ജൂലൈ 5 ബഷീർ ദിനമായി ആചരിക്കും.

ബഷീർ കൃതികളുടെ പ്രദർശനം, ബഷീർ കഥാപാത്രങ്ങളുടെ പുനരാവിഷ്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

ബഷീർദിന ക്വിസ് ഉണ്ടായിരിക്കും.

ബഷീറിന്റെ കഥാപാത്രങ്ങളെക്കുറിച്ച് കൂടുതലറിയുന്നതിലൂടെ കുട്ടികൾക്ക് അവരുടെ വ്യക്തിത്വവും ജീവിതശൈലിയും മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്.

ജൂലൈ 21 ചാന്ദ്രദിനമായി ആചരിക്കുന്നതാണ്.

ചാന്ദ്രദിനവുമായി ബന്ധപ്പെട്ട് പ്രത്യേക അസംബ്ലി ഉണ്ടായിരിക്കുന്നതാണ്. ചാന്ദ്രദിന വാർത്തകൾ, പ്രസംഗം തുടങ്ങിയവ ഉണ്ടായിരിക്കും.

കൊളാഷ് നിർമ്മാണം, ചന്ദ്രക്കല നിർമ്മാണം, ബഹിരാകാശ യാത്രികരെ പരിചയപ്പെടൽ, പോസ്റ്റർ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ ഉണ്ടായിരിക്കും. ചാന്ദ്രദിന ക്വിസ് നടത്തുന്നതാണ്.

ബഹിരാകാശത്തെക്കുറിച്ചും നക്ഷത്രങ്ങളെക്കുറിച്ചും കൂടുതൽ അറിയുവാൻ ഇതിലൂടെ കുട്ടികൾക്ക് സാധിക്കുന്നു.

ആഗസ്റ്റ് 6,9 ഹിരോഷിമ, നാഗസാക്കി ദിനങ്ങൾ ആചരിക്കുന്നതാണ്.

പ്രത്യേക അസംബ്ലി ഉണ്ടായിരിക്കും, പ്രസംഗം, സഡാക്കോ കൊക്ക് നിർമ്മാണം തുടങ്ങിയവ ഉണ്ടായി-രിക്കുന്നതാണ്. പോസ്റ്റർ നിർമ്മാണം, ക്വിസ് മത്സരം ഈ ദിനത്തിലെ പ്രവർത്തനങ്ങളാണ്.

കുട്ടികൾക്ക് സമാധാനത്തിന്റെയും അഹിംസയുടെയും പ്രാധാന്യം മനസിലാക്കാൻ ഈ ദിനം ആചരിക്കുന്നതിലൂടെ സാധ്യമാകുന്നു.

ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനമായി ആചരിക്കും.

സ്വാതന്ത്ര്യ ദിന റാലി ഉണ്ടായിരിക്കും. വ്യത്യസ്ത വേഷത്തിലും ഭാവത്തിലും കുട്ടികൾ റാലിയിൽ പങ്കെടുക്കും

സ്വാതന്ത്ര്യ ദിന ക്വിസ് ഈ ദിനവുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കും.

ആഗസ്റ്റ് 17 കർഷകദിനമായി ആചരിക്കുന്നു.

കാർഷിക വിളകൾ, കാർഷികോപകരണങ്ങൾ, നാടൻ പതക്കൾ എന്നിവയുടെ പ്രദർശനം ഈ ദിനത്തിൽ സംഘടിപ്പിക്കുന്നതാണ്

ആഗസ്റ്റ് 19 ന് സംസ്കൃത ദിനമായി ആചരിക്കുന്നതാണ്

പ്രശ്നോത്തരി, കഥാകഥനം, സുഭാഷിതങ്ങൾ/ ആപ്തവാക്യങ്ങൾ അവതരണം ഇവ പ്രവർത്തനങ്ങളാണ്

സംസ്കൃത ദിനം ആചരിക്കുന്നത് വഴി കുട്ടികൾക്ക് സംസ്കൃത ഭാഷയിൽ കൂടുതൽ അറിവ് നേടാൻ സാധിക്കുന്നു.

## സെപ്തംബർ 5 അധ്യാപകദിനം.

രാജ്യം കണ്ട മികച്ച അധ്യാപകനും പണ്ഡിതനുമായിരുന്ന (ഡ്) സർവേപള്ളി രാധാകൃഷ്ണനോടുള്ള ബഹുമാനാർത്ഥമാണ് എല്ലാവർഷവും സെപ്തംബർ5 അധ്യാപക ദിനമായി ആചരിക്കുന്നത്.

### സ്കൂൾ തല പ്രവർത്തനങ്ങൾ

* ഡോ. (ഡ്) സർവേപള്ളി രാധാകൃഷ്ണന്റെ ജീവചരിത്രക്കുറിപ്പ് അവതരണം
* കുട്ടി അധ്യാപകർ - കുട്ടികൾ അധ്യാപകരായി മാറുന്നു, ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള അവസരം
* അധ്യാപക ദിന ക്വിസ്

അധ്യാപക ദിനത്തോട് അനുബന്ധിച്ച് നടത്തുന്ന സ്കൂൾ തല പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് അധ്യാപനത്തെക്കുറിച്ച് വ്യക്തമായ ധാരണയും താല്പര്യം ഉണ്ടാകുന്നു.

## സെപ്തംബർ - 14 ഹിന്ദി ദിനം

1949 സെപ്തംബർ 14 ന് ഹിന്ദി ഔദ്യോഗിക ഭാഷയായി അംഗീകരിച്ചതിന്റെ സ്മരണാർത്ഥമാണ് എല്ലാ വർ

-ഷവും സെപ്തംബർ 14 ഹിന്ദി ദിനമായി ആചരിക്കുന്നത്.

* ഹിന്ദി കവിതകളുടെ അവതരണം

* ഹിന്ദി സംഭാഷണങ്ങൾ, പോസ്റ്ററുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു..

സെപ്തംബർ 16 - ഓസോൺ ദിനം

ഓസോൺ പാളിയുടെ പ്രാധാന്യത്തെക്കുറിച്ചും അതിനെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനായി എല്ലാവർഷവും സെപ്തംബർ 16 ഓസോൺ ദിനമായി ആചരിക്കുന്നു.

പ്രവർത്തനങ്ങൾ

* കുറിപ്പ് അവതരണം : വിഷയം ഓസോൺ ദിനത്തിന്റെ പ്രാധാന്യം.

* പോസ്റ്റർ നിർമ്മാണം, ഓസോൺ ദിനക്വിസ്.

ഈ ദിനാചരണം നടത്തുന്നതിലൂടെ കുട്ടികൾക്ക് ഓസോൺ പാളി എന്താണ്, അതിന് ശോഷണം സംഭവിക്കാൻ എന്താണ് കാരണം. അത് സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം എന്താണ് ? എന്നിങ്ങനെയുള്ള കാര്യങ്ങളിൽ വ്യക്തമായ ധാരണ ലഭിക്കുന്നു.

ഒക്ടോബർ 2 - ഗാന്ധി ജയന്തി

നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയുടെ ജന്മദിനം എല്ലാ വർഷവും ഗാന്ധിജയന്തിയായി ആചരിക്കുന്നു.

സ്കൂൾതല പ്രവർത്തനങ്ങൾ

+ വേഷാവതരണം - ഗാന്ധിജി
* ഗാന്ധിജിയുടെ ജീവചരിത്രക്കുറിപ്പ് അവതരണം
* സ്കൂളിലെ JRC വോളണ്ടിയർമാർ, ആരോഗ്യ ശുചിത്വ ക്ലബ്ബ് എന്നിവയുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നു- അധ്യാപകരും കുട്ടികളും പങ്കാളികളാവുന്നു.
+ ഗാന്ധിജയന്തി ദിന പ്രാധാന്യം അറിയിച്ചു കൊണ്ടുള്ള പോസ്റ്ററുകൾ, ക്വിസ്.

ഇത്തരത്തിൽ ഒരു ദിനാചരണം നടത്തുന്നതിലൂടെ ഗാന്ധിജി എന്ന മഹത് വ്യക്തിത്വത്തെക്കുറിച്ചും ഇന്ത്യ എന്ന മഹാരാജ്യത്തെക്കുറിച്ചും കൂടുതൽ കാര്യങ്ങൾ വ്യക്തതയോടെ മനസിലാക്കാൻ കുട്ടികൾക്ക് കഴിയുന്നു.

നവംബർ 14 - ശിശുദിനം

ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രി ആയിരുന്ന ശ്രീ. ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനം എല്ലാവർഷവും ശിശുദിനമായി ആചരിക്കുന്നു.

സ്കൂൾതല പ്രവർത്തനങ്ങൾ

* വേഷാവതരണം - ചാച്ചാജി
* ജീവചരിത്രക്കുറിപ്പ് അവതരണം - ജവഹർലാൽ നെഹ്റു
+ പോസ്റ്റർ നിർമ്മാണം, ക്വിസ്

ഈ ദിനാചരണത്തിലൂടെ കുട്ടികൾ രാജ്യത്തിന്റെ വളർച്ചയ്ക്ക് വഹിക്കുന്ന പങ്ക് വലുതാണെന്ന് വിശ്വസിച്ചിരുന്ന, കുട്ടികളെ ഏറെ ഇഷ്ടപ്പെട്ടിരുന്ന ചാച്ചാജിയെ കുറിച്ച് കൂടുതൽ അറിയാൻ കുട്ടികൾക്ക് കഴിയുന്നു.

ഡിസംബർ 22 – രാമാനുജൻ ദിനം

ആധുനിക ഭാരതത്തിലെ ഏറ്റവും പ്രതിഭാശാലിയായ ഗണിത ശാസ്ത്രജ്ഞനായ ശ്രീ രാമാനുജന്റെ ജന്മദിനം രാമാനുജൻ ദിനമായി ആചരിക്കുന്നു.

* പോസ്റ്ററുകൾ തയ്യാറാക്കുന്നു.
* ജീവചരിത്രം – പ്രസംഗം

ഈ ദിനാചരണത്തിലൂടെ ഗണിതം എന്ന വിഷയത്തിന്റെയും രാമാനുജൻ എന്ന ഗണിത ശാസ്ത്രജ്ഞന്റെയും രാമാനുജൻ സംഖ്യയായ 1729 ന്റെയും പ്രാധാന്യം മനസിലാക്കാൻ കുട്ടികൾക്ക് കഴിയുന്നു.

ജനുവരി 26 – റിപ്പബ്ലിക് ദിനം

ഇന്ത്യൻ ഭരണഘടന ഔദ്യോഗികമായി നിലവിൽ വന്ന ജനുവരി 26 എല്ലാ വർഷവും റിപ്പബ്ലിക് ദിനമായി ആചരിക്കുന്നു.

സ്കൂൾതല പ്രവർത്തനങ്ങൾ

* ദേശീയ പതാക ഉയർത്തൽ, പോസ്റ്ററുകൾ, ക്വിസ്

റിപ്പബ്ലിക് ദിനാചരണത്തിലൂടെ ഇന്ത്യ ബ്രിട്ടീഷ് ഭരണത്തിൽ നിന്നും മോചിതമായി ഒരു പരമോന്നത ഗണതന്ത്ര രാജ്യമായി മാറിയതെങ്ങനെയാണെന്നും ഇന്ത്യൻ ഭരണഘടനയുടെ പ്രാധാന്യം എന്താണെന്നും വ്യക്തതയോടെ മനസിലാക്കാൻ കുട്ടികൾക്ക് കഴിയുന്നു.

## ഫെബ്രുവരി 28 - ദേശീയ ശാസ്ത്ര ദിനം

ഇന്ത്യൻ ഭൗതിക ശാസ്ത്രജ്ഞനായ സർ. സി.വി. രാമൻ 'രാമൻ പ്രഭാവം' കണ്ടെത്തിയതിന്റെ അടയാളമായി ആണ് എല്ലാ വർഷവും ദേശീയ ശാസ്ത്ര ദിനം ആചരിക്കുന്നത്.

### സ്കൂൾ തല പ്രവർത്തനങ്ങൾ

* ജീവചരിത്രക്കുറിപ്പ് - അവതരണം (C.V രാമൻ)
* പോസ്റ്ററുകൾ, ക്വിസ്

ഈ ദിനാചരണത്തിലൂടെ മനുഷ്യൻ ദൈനം ദിന ജീവിതത്തിൽ ഉപയോഗിക്കുന്ന ശാസ്ത്രത്തിന്റെ പ്രാധാന്യത്തോടൊപ്പം ശാസ്ത്രജ്ഞരുടെ പ്രാധാന്യം എന്നിവ മനസിലാക്കാൻ കുട്ടികൾക്ക് കഴിയുന്നു.